# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

Web Edition Only

2007 ജൂൺ 9


## മലങ്കരസഭാദീപത്തിലെ പരാമർശനങ്ങൾ വസ്തുതാ വിരുദ്ധം

**എം. സി. പൗലോസ് ആലുവാ**

ജൂൺ 1-15 ലക്കം മലങ്കരസഭാദീപത്തിൽ മുൻ വർക്കിംഗ് കമ്മറ്റിയംഗം ജോൺ സഖറിയായെപ്പറ്റി വന്ന വാർത്ത തികച്ചും വസ്തുതാ വിരുദ്ധമാണ്.

ആദ്യകാലം മുതൽ ഓർത്തഡോക്സ് വിശ്വാസത്തിൽ ഉറച്ചു നിന്ന ആലുവാ കിഴക്കമ്പലത്തെ പുരാതനമായ വാലേൽ കുടുംബാംഗമാണ് ജോൺ സഖറിയ. പ്രശ്നബാധിതവും, കേസിലുൾപ്പെട്ടതുമായ കിഴക്കമ്പലം സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. സുപ്രസിദ്ധ പ്രാസംഗികനും കിഴക്കമ്പലം ദയറായുടെ സ്ഥാപകനുമായ വി. സി. ഗീവർഗീസ് അച്ചന്റെ (അദ്ദേഹം പിന്നീട് റീത്തിൽ പോയി) സഹോദര പ്രപൗത്രനാണ് ജോൺ സഖറിയ. 1974-ൽ അങ്കമാലി ഭദ്രാസനത്തിൽ പ്രശ്നം രൂക്ഷമായപ്പോൾ ഡോ. ഫിലിപ്പോസ് മാർ തേയോഫിലോസ് മെത്രാപ്പോലീത്തായോടൊപ്പം ഉറച്ചു നിന്ന ഭദ്രാസന കൗൺസിലംഗം വി. സി. പൗലൂസ് മറ്റൊരു പിതൃവ്യനാണ്.

വിദ്യാഭ്യാസകാലം മുതൽ കുടുംബ ബിസിനസ് ഏറ്റെടുത്തു നടത്താൻ നാട്ടിൽ തിരിച്ചെത്തേണ്ട സ്ഥിതി സംജാതമാകുന്നതുവരെ ചെന്നൈയിലെ ബ്രോഡ്‌വേ കത്തീഡ്രലിലാണ് ജോൺ സഖറിയ വി. കർമ്മങ്ങളിൽ പങ്കെടുത്തിരുന്നത്.

ഇദ്ദേഹത്തിന്റെ പിതാവ് 2000 -മാണ്ടിൽ സംഭാവന ചെയ്ത സ്ഥലവും കുരിശുപള്ളിയും അട്ടപ്പാടി സെന്റ് തോമസ് ആശ്രമത്തിനുണ്ട്. ഈ വിവരങ്ങൾ ആർക്കും പരിശോധിക്കാവുന്നതാണ്.

വടക്കൻ പ്രദേശത്തെ പ്രശ്നബാധിത പള്ളികളിൽ അനേകം തീഷ്ണ വിശ്വാസികളുണ്ട്. ഉദാഹരണത്തിന് കൊച്ചി ഭദ്രാസനത്തിലെ വടവുകോട് ഓർത്തഡോക്സ് പള്ളി വികാരി ഫാ. പ്രൊഫ. ഒ. ജെ. ജേക്കബ് കടുംഗമംഗലം സെന്റ് പീറ്റേഴ്സ് പള്ളി ഇടവകക്കാരനാണ്. ഇവരോടൊക്കെ അംഗത്വത്തിനു തെളിവു കാണിക്കാൻ പറയുന്നത് അധിനിവേശ കാഷ്മീരിലെ ഇന്ത്യൻ പൗരന്മാരോട് വോട്ടർ കാർഡ് ഹാജരാക്കാൻ പറയുന്നതുപോലെ യുക്തിരഹിതമാണ്.

തുമ്പമൺ ഭദ്രാസനാംഗവും, ആലുവാ തൃക്കുന്നത്തു സെമിനാരി മാനേജർ സ്ഥാനവും, സൗത്ത് ആഫ്രിക്കാ പള്ളി വികാരി സ്ഥാനവും, അങ്കമാലി ഭദ്രാസന വൈദികയോഗം സെക്രട്ടറി സ്ഥാനവും, ക്യാനഡായിൽ നിന്നുള്ള മാനേജിംഗ് കമ്മറ്റി മെമ്പർ സ്ഥാനവും ഒരുമിച്ചു വഹിക്കുന്ന മാന്യദേഹത്തിനുപോലും തെളിവു ഹാജരാക്കാൻ കഴിഞ്ഞെന്നു വരികയില്ല.

വടക്കൻ പ്രദേശത്ത് ഓർത്തഡോക്സ് വിശ്വാസത്തിനായി പോരാടുന്നവരെ തിരഞ്ഞു പിടിച്ചു തോജോവധം ചെയ്യുന്നത് പുത്തൻകുരിശു സൊസൈറ്റിയെ സഹായിക്കാനല്ലാതെ മറ്റെന്തിനാണ്?

## കിട്ടാതെ പോയ മുന്തിരിങ്ങാ പുളിക്കും

**മാത്യൂസ് ജോൺ കോട്ടയം**

വർക്കിംഗ് കമ്മറ്റി പുനഃസംഘടനയിൽ കമ്മറ്റി മെമ്പറാകാൻ ഇടിച്ചു പരാജയപ്പെട്ട മലങ്കരസഭാദീപം പത്രാധിപർ ആ ജാള്യം മറച്ചുവയ്ക്കാൻ മുൻ വർക്കിംഗ് കമ്മറ്റിയംഗം ജോൺ സഖറിയായെ അധിക്ഷേപിച്ചിരിക്കുന്നത് വായിച്ച് സഭാ പൊളിറ്റിക്സ് ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന നസ്രാണികൾ മൂക്കത്ത് വിരൽ വയ്ക്കുന്നു. സെമിനാരിയിൽനിന്നും പുറത്താകുമെന്ന സ്ഥിതി വന്നപ്പോൾ സഹപ്രവർത്തകരായ ചിലരുടെ സുന്നഹദോസിനോടുള്ള അപേക്ഷപ്രകാരം *ലീവ് എടുത്ത്* സെമിനാരിയിൽനിന്നും പുറത്തായതു മുതൽ സെമിനാരി അദ്ധ്യാപകസ്ഥാനം തിരിച്ചുപിടിക്കാൻ പത്രാധിപർ കാണിക്കാത്ത തറവേലകളില്ല. കഴിഞ്ഞ തവണ ചുമന്ന കുപ്പായം കിട്ടാതെ പോയത് ഔദ്യോഗിക പാനലിൽ കയറിപ്പറ്റാൻ സാധിക്കാതെ വന്നതുകൊണ്ടാണെന്ന തിരിച്ചറിവാണ് ആലുവാ തൃക്കുന്നത്തു സെമിനാരി മാനേജർ സ്ഥാനം, സഭാ മാനേജിംഗ് കമ്മറ്റിയംഗത്വം തുടങ്ങിയവ വഴി ഔദ്യോഗിക നേതൃത്വത്തിന്റെ ഭാഗമാകാൻ പത്രാധിപരെ പ്രേരിപ്പിച്ചത്. ഗൾഫുകാരനായ ഒരാളുടെ എസ്റ്റേറ്റ്, സ്കൂൾ, പമ്പ് തുടങ്ങിയവയുടെ നടത്തിപ്പുകാരനായ പത്രാധിപർ (പത്രാധിപരുടേതെന്ന് എല്ലാവരും വിശ്വസിക്കുന്ന കോട്ടയത്തെ ദീപം ഓഫീസ് മന്ദിരം - കീപ്പള്ളിൽ ബിൽഡിംഗ് - മഠത്തിൽ ഉമ്മൻ ജോൺ കത്തനാരുടേതല്ല ഇങ്ങേരുടേതാണെന്നാണ് ചിലർ പറയുന്നത്), ഗൾഫുകാരന്റെ പെട്രോൾ പമ്പ് മാനേജരായ വ്യക്തിയെ സഭാ സെക്രട്ടറിയാകാൻ സഹായിച്ചതോടെ വർക്കിംഗ് കമ്മറ്റി മെമ്പാറാകുമെന്ന് മലർപൊടിക്കാരൻ കണ്ടതുപോലെ സ്വപ്നം കണ്ടതാണ്. ആ സ്വപ്നം, പണ്ട് സഹയാത്രികരായിരുന്ന അൽമായവേദിക്കാർ പൊളിച്ചതോടെ പത്രാധിപർക്ക് ഹാലിളകിയ മട്ടാണ്. ഒ. തോമസ് അച്ചൻ രാജിവച്ച് പ്രതിഷേധിച്ചെങ്കിലും അത്തരം മണ്ടത്തരങ്ങൾക്കൊന്നും പത്രാധിപർ ഒരുങ്ങിയില്ല. ഒ. തോമസച്ചന് രാജിയോടെ കൈവന്ന സൗഭാഗ്യ

ങ്ങൾ കണ്ട് ഒന്നു രാജിവച്ചു നോക്കാമായിരുന്നു എന്ന ചിന്ത പത്രാധിപർക്കുണ്ടെങ്കിലും, താമസിച്ചുപോയല്ലോ എന്നോർത്ത് നെടുവീർപ്പിടുകയാണ്. കുറുക്കൻ മുന്തിരിങ്ങായ്ക്ക് ചാടി പരാജയപ്പെട്ട കഥയാണ് ഇത് വായിക്കുമ്പോൾ ഓർമ്മ വരുന്നത് അല്ലേ? കുറുക്കനെപ്പോലെ പത്രാധിപരും ചാടി നോക്കി; കിട്ടിയില്ല. ഇനിയും മുന്തിരിങ്ങാകൾ ഉണ്ടാകുമല്ലോ എന്നോർത്ത് അദ്ദേഹം സമാശ്വസിക്കുന്നു എന്നാണറിവ്.

# എം. ജി. ഒ. സി. എസ്. എം. ഭൂമി കൈയേറിയിട്ടില്ല

കോട്ടയത്ത് സി. എം. എസ്. കോളജ് റോഡിലുള്ള എം. ജി. ഒ. സി. എസ്. എം. ന്റെ വസ്തുവിൽ ഫ്ളാറ്റും കൊമേഴ്സ്യൽ ബിൽഡിംഗും പണിയുവാനായി അപേക്ഷ കൊടുത്തപ്പോൾ റോഡ് വീതി കൂട്ടാനായി സ്ഥലം നൽകണമെന്ന് കോട്ടയം നഗരസഭാധികാരികൾ ആവശ്യപ്പെട്ടതനുസരിച്ച് സൗജന്യമായി സറണ്ടർ ചെയ്ത് നൽകിയ മൂന്നര സെന്റ് സ്ഥലമാണ് ജില്ലാ ഭരണാധികാരികളും നഗരസഭാധികൃതരും കൂടി കഴിഞ്ഞയാഴ്ച ഏറ്റെടുത്തത്. കോട്ടയം നഗരത്തിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനിടയിൽ മുൻകൂട്ടി നോട്ടീസ് നൽകാതെയായിരുന്നു ഈ ഏറ്റെടുക്കൽ എന്നതിനാൽ ചെറിയ വാക്കുതർക്കങ്ങൾക്ക് ഇത് ഇടയാക്കി. *കൈറോസ്* എന്ന പുതിയ പ്രൊജക്ടിന്റെ ശിലാഫലകം ജെ. സി. ബി. ഉപയോഗിച്ച് പൊളിക്കാൻ ശ്രമിച്ചതിനെയാണ് പുരോഹിതന്മാർ എതിർത്തത്. ആ ദൃശ്യങ്ങൾ പകർത്താൻ ശ്രമിച്ച ഏഷ്യാനെറ്റ് ലേഖകനോട് അത് എടുക്കരുതെന്ന് അപേക്ഷിച്ചിട്ടും എടുത്തതുകൊണ്ടാണ് തടഞ്ഞത്. ഏഷ്യാനെറ്റ് ഒഴിച്ച് മറ്റ് മാധ്യങ്ങളൊക്കെ കാര്യങ്ങൾ ശരിയായ രീതിയിൽ തന്നെയാണ് റിപ്പോർട്ട് ചെയ്തത്. കെട്ടിടം പണിക്ക് അനുമതി നൽകുമ്പോൾ സറണ്ടർ ചെയ്ത് നൽകുന്ന വസ്തു, കെട്ടിടം പണി പൂർത്തിയായ ശേഷമേ സാധാരണ ഗതിയിൽ ഏറ്റെടുക്കാറുള്ളു എന്നതാണ് പതിവ്. ഈ സ്ഥലത്തുണ്ടായിരുന്ന മതിൽ ജെ. സി. ബി. ഉപയോഗിച്ച് പൊളിച്ചശേഷം ഏറ്റെടുക്കൽ സംഘം മടങ്ങി. അവിടെയുള്ള കെട്ടിടത്തിന്റെ ഭാഗങ്ങൾ തങ്ങൾ തന്നെ പൊളിച്ചു തന്നുകൊള്ളാം എന്ന എം. ജി. ഒ. സി. എസ്. എം. ഭാരവാഹികളുടെ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ഏറ്റെടുക്കൽ സംഘം മടങ്ങിയത്. അവിടെയുണ്ടായിരുന്ന കെട്ടിടഭാഗങ്ങൾ ഇപ്പോൾ പൂർണ്ണമായും പൊളിച്ചു മാറ്റിയിട്ടുണ്ടെന്ന കാര്യം ആർക്കും നേരിൽ കണ്ട് ബോദ്ധ്യപ്പെടാവുന്നതാണ്.

പുതിയ *സത്യവിശ്വാസ സംരക്ഷക*നിൽ ഇത് സംബന്ധിച്ചു വന്നതും ഏഷ്യാനെറ്റിൽ വന്നതുമായ വാർത്തകൾ തെറ്റിദ്ധാരണാജനകമാണെന്നതിനാലാണ് സത്യാവസ്ഥ ഇവിടെ എഴുതുന്നത്.

എം. ജി. ഒ. സി. എസ്. എം. ത്തിന്റെ ചില പ്രൊജക്ടുകളെ (പ്രത്യേകിച്ച് ഫ്ളാറ്റ് പണി) അൽമായവേദി രൂക്ഷമായി വിമർശിച്ചിട്ടുണ്ട് എന്നത് സത്യമാണ്. പക്ഷേ, ഇക്കാര്യത്തിൽ സത്യം ഇതാണ് എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. കോട്ടയം എം. ജി. ഒ. സി. എസ്. എം. സ്റ്റുഡന്റ് സെന്ററിനു തൊട്ടു കിടക്കുന്ന ഈ ഭൂമി മലബാർ ഭദ്രാസനാധിപൻ സഖറിയാസ് മാർ തെയോഫിലോസ് തിരുമേനിയുടെ ഉത്സാഹം ഒന്നു കൊണ്ടു മാത്രം വാങ്ങിയതാണ്. മൂന്നു കോടിയോളം രൂപ കൊടുത്തു വാങ്ങിയ സ്ഥലത്തിൽ നിന്നാണ് റോഡിനായി മൂന്നര സെന്റ് സൗജന്യമായി വിട്ടുകൊടുത്തിരിക്കുന്നത്. ഈ സ്ഥലത്തിന് തന്നെ പത്തു ലക്ഷം രൂപയോളം വില വരും.

എം. ജി. ഒ. സി. എസ്. എം. പല ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തുന്നതിനെ ഞങ്ങൾ കണ്ടില്ല എന്ന് നടിക്കുന്നതായി തെയോഫിലോസ് തിരുമേനി വ്യക്തിപരമായ ഒരു സംഭാഷണത്തിൽ പറയുകയുണ്ടായി. വിമർശനപരമായ വാർത്തകളാണ് അൽമായവേദി റിപ്പോർട്ട് ചെയ്യുന്നതിൽ ഏറെയും എന്നതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. തെയോഫിലോസ് തിരുമേനി, മാത്യൂസ് മാർ സേവേറിയോസ് തിരുമേനി തുടങ്ങിയവരെ വിമർശിക്കുമ്പോഴും അവർ ചെയ്യുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് ഞങ്ങൾക്ക് ബോദ്ധ്യമുണ്ട് എന്ന വസ്തുതയും തുറന്നു പറയട്ടെ. ഇവർ നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചില സമ്മേളനങ്ങളിലൊക്കെ ബോധപൂർവ്വം പങ്കെടുത്ത് ഞങ്ങളാ ബോദ്ധ്യം ഉറപ്പിക്കാറുമുണ്ട്.

എം. ജി. ഒ. സി. എസ്. എം. ശതാബ്ദി പ്രമാണിച്ച് 100 വിദ്യാർത്ഥികൾക്ക് എവിടെ വരെ പഠിക്കുന്നതിനുമുള്ള സഹായം കൊടുക്കുന്ന പ്രൊജക്ടിന്റെ ഉദ്ഘാടനത്തിൽ ഞങ്ങൾ പങ്കെടുത്തിരുന്നു. എം. ജി. ഒ. സി. എസ്. എം. പ്രൊജക്ടുകൾക്കായി പണപ്പിരിവ് നടത്തി അൽമായവേദിയുടെയൊക്കെ വിമർശനം ഏറ്റുവാങ്ങിയ സഖറിയ മാർ തെയോഫിലോസ് തിരുമേനിയെക്കുറിച്ച് അവിടെയാരും മിണ്ടിക്കേട്ടില്ല എന്നത് ഞങ്ങളെ സങ്കടപ്പെടുത്തുന്നു. വിമർശനങ്ങൾക്ക് വസ്തുതാപരമായ മറുപടി പറയാതെ പൊതുസമ്മേളനങ്ങളിൽ വച്ച് അധിക്ഷേപിച്ച് സംസാരിക്കുന്ന ചില നേതൃസ്ഥാനികളുടെ നടപടി പ്രഗത്ഭരായ പലരും നേതൃത്വം നൽകിയ ഈ പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ നേതൃത്വത്തിന് ഭൂഷണമല്ല എന്നുമോർപ്പിക്കുന്നു.

**– ഓർത്തഡോക്സ് അൽമായവേദി പ്രവർത്തകർ**

**ഓഫ് സൈഡ് – ഓഫ് സൈഡ്**

# ഒന്നാമനാകാനൊരു മോഹം...

പുതിയ സഭാ സെക്രട്ടറിക്കു സ്ഥാനം കിട്ടിയതോടെ പുതിയ ചില വെളിപാടുകളുണ്ടായി. സഭാസ്ഥാനികളിൽ പ്രോട്ടോക്കോൾ അനുസരിച്ച് താനാണ് ഒന്നാം സ്ഥാനക്കാരൻ എന്നാണ് കക്ഷിയുടെ കണ്ടെത്തൽ. അത് അദ്ദേഹം തന്നെ പത്രക്കാരെയൊക്കെ വിളിച്ച് അറിയിക്കുകയാണ്. ഓർത്തഡോക്സ് ഹെറാൾഡ് പത്രാധിപർ അത് അംഗീകരിച്ച മട്ടാണ്. ഇപ്പോൾ മുത്തശ്ശി പത്രത്തിനും തങ്ങളുടെ സ്ഥാനാർത്ഥിയായിരുന്ന സെക്രട്ടറി പറയുന്നതാണ് ശരി എന്നൊരു തോന്നൽ. അവരും ഔഗേൻ മെത്രാച്ചന്റെ നിര്യാണവാർത്തയിൽ സെക്രട്ടറിയെ ഒന്നാമനാക്കി. “മോനേ, ദിനേശാ... വല്ല നല്ല കാര്യവും ഈ പാവപ്പെട്ട സഭയ്ക്ക് ചെയ്ത് ഒന്നാമനാകാൻ നോക്ക്” എന്ന് ഉപദേശിക്കാൻ ദേവലോകത്തൊരു ഉപദേശിയും ഇല്ലാതെ പോയല്ലോ എന്നോർത്ത് നമുക്ക് സങ്കടപ്പെടാം.